## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5751 — 02.07.2014 -ലെ മറുപടിക്ക്.

### ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട്, 1996 (കേന്ദ്ര ആക്ട്)

**ചോദ്യം**

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

(എ) ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട്, 1996 (1996 ലെ 28-ാം നമ്പർ കേന്ദ്ര ആക്ട്) കേരളത്തിൽ എന്നു മുതൽ പ്രാബല്യത്തിൽ വന്നു എന്ന് അറിയിക്കുമോ;

(ബി) ഈ ആക്ട് അനുസരിച്ച് ഓരോതരം കെട്ടിടങ്ങൾക്കും (താമസത്തിനുള്ളവ/ കച്ചവടാവശ്യത്തിനുള്ളവ) ഈടാക്കുന്ന സെസ്സിന്റെ വിശദാംശം ലഭ്യമാക്കുമോ ; താമസിക്കുന്നതിനുള്ള കെട്ടിടങ്ങളെ എത്ര മീറ്റർ സ്ക്വയർ വരെയാണ് സെസ്സിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. കച്ചവടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ എത്ര മീറ്റർ സ്ക്വയർ വരെയാണ് സെസ്സിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) 1996 ന ശേഷം നിർമ്മിച്ചവയും നാളിതുവരെ സെസ്സ് ഈടാക്കാത്തതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ആനാട് വില്ലേജിൽ നിന്നും 2000 മുതൽ ഈടാക്കിയ സെസ്സ്, കെട്ടിട ഉടമകളുടെ വിശദവിവരം എന്നിവ ലഭ്യമാക്കുമോ ;

**മറുപടി**

ശ്രീ. ഷിബു ബേബി ജോൺ
(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

(എ) ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട്, 1996 (1996 ലെ 28-ാം നമ്പർ കേന്ദ്ര ആക്ട്) കേരളത്തിൽ 03/11/1995 മുതൽ മുൻകാല പ്രാബല്യത്തോടെ 19/08/1996 ൽ നിലവിൽ വന്നു.

(ബി) ഈ ആക്ട് അനുസരിച്ച് എല്ലാതരം കെട്ടിടങ്ങൾക്കും (താമസത്തിനുള്ളവ/ കച്ചവടാവശ്യത്തിനുള്ളവ) നിർമ്മാണത്തിനായി ചെലവാക്കുന്ന ആകെ തുകയുടെ 1% വരുന്ന തുകയാണ് സെസ്സ് ആയി ഈടാക്കുന്നത്. സ്വന്തം താമസത്തിനുള്ള കെട്ടിടങ്ങളിൽ 10 ലക്ഷം രൂപയിൽ കുറഞ്ഞ ചെലവു വരുന്നവയെ സെസ്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ കച്ചവടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളെ ഇപ്രകാരം സെസ്സിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(സി) നാളിതുവരെ സെസ്സ് ഈടാക്കാത്ത കെട്ടിട ഉടമകളുടെ വിവരം ബന്ധപ്പെട്ട റവന്യൂ ഓഫീസുകളിൽ നിന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ കെട്ടിടത്തിന്റെയും പ്ലിന്ത് ഏരിയ, ഫ്ളോറിംഗ് മെറ്റീരിയൽ, എന്നിവയുടെ അടിസ്ഥാനത്തിൽ സെസ്സ് തുക കണക്കാക്കി തുടർ അസസ്സ്മെന്റ് നടപടികൾ സ്വീകരിച്ച് വരുന്നു. അസസ്സ്മെന്റ് നടപടി പ്രകാരം സെസ്സ് അടയ്ക്കാത്ത കേസുകളിൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം റവന്യൂ റിക്കവറി നടപടികളിലൂടെ സെസ്സ് തുക പലിശ സഹിതം ഈടാക്കി വരുന്നു.

(ഡി) ആനാട് വില്ലേജുമായി ബന്ധപ്പെട്ട് 2001 മുതൽ സൂക്ഷിച്ചിട്ടുള്ള ബന്ധപ്പെട്ട ഡി.ഡി രജിസ്റ്റർ പരിശോധിച്ചതിൽ നാളിതുവരെ 24 കെട്ടിട ഉടമകളിൽ നിന്നും മൊത്തം 8,96,936/- രൂപ സെസ്സ് തുകയായി

ഈടാക്കിയിട്ടുള്ളതായി കാണുന്നു. ഉടമകളുടെ വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) 2000 ന ശേഷം പ്രസ്തുത വില്ലേജിൽ സെസ്സിൽ നിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ ?

(ഇ) 2007 മുതൽ ലഭ്യമായിട്ടുള്ള അസ്സസ്മെന്റ് രജിസ്റ്ററുകൾ പ്രകാരം നാളിതുവരെ ആനാട് വില്ലേജിലെ 14 കെട്ടിട ഉടമകളെ സെസ്സ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നു. ഇപ്രകാരം സെസ്സ് ഒഴിവാക്കി നൽകിയ കെട്ടിടങ്ങളിൽ പ്ലിന്ത് ഏരിയ, ഫ്ളോറിംഗ്, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ നിർമ്മാണ ചെലവ് 10 ലക്ഷത്തിന് താഴെയാണെന്ന് കണക്കാക്കിയിട്ടുള്ള വാസ ഗൃഹങ്ങളും ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരുന്ന ഒരു വാണിജ്യ കെട്ടിടവും (സൗത്ത് കേരള കാഷ്യു എക്സ്പോർട്ടേഴ്സ്) ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | പേരും വിലാസവും | സെസ്സ് തുക |
|---|---|---|
| 1 | പത്മാ എഡിക്ട്<br>പുത്തൻ ബംഗ്ലാവ്, പി.ആർ.ആഡിറ്റോറിയം, ആനാട്, നെടുമങ്ങാട് | 27704.00 |
| 2 | അംബിക,<br>ചിത്രാ ഭവൻ, വട്ടറത്തല, ആനാട് | 500.00 |
| 3 | എം.നാസ്സർ,<br>മർഹബ്, സാഫ് ആഡിറ്റോറിയം, ടോൾ ജംഗ്ഷൻ, ചുള്ളിമാനൂർ, ആനാട് | 29165.00 |
| 4 | എസ്.മുരളീധരൻ നായർ, കെ.കെ.മന്ദിരം, ആനാട് | 3304.00 |
| 5 | എം.അബ്ദുൾ വഹാബ്,<br>സായൂജ്യം, പുത്തൻപാലം, ആനാട് | 2168.00 |
| 6 | സരസ്വതി.എം.നായർ,<br>സരസ്വതി സദനം, ആനാട്.പി.ഒ | 1309.00 |
| 7 | ബി.തങ്കപ്പൻ ആചാരി<br>രാകേഷ് ഭവൻ, നാഗച്ചേരി, ആനാട് | 10895.00 |
| 8 | കെ.അജയകുമാർ & രഞ്ജിനി<br>അജയവിലാസം, ആനാട് | 11367.00 |
| 9 | ആർ.സുരേഷ് കുമാർ<br>ഐശ്വര്യം ആനാട് | 12412.00 |
| 10 | ഷെറിൻ & നിഷ<br>ഷെറിൻ ഭവൻ, ആനാട് | 11312.00 |
| 11 | ഡോ.വി.ആർ.മോഹനൻ<br>സൂര്യ, നിയർ എം.സി.ഇ.റ്റി, ആനാട് | 11818.00 |
| 12 | എം.എസ്.ലൈലാ ബീവി<br>ലൈലാ മൻസിൽ, കൊല്ലങ്കാവ്, ആനാട് | 7326.00 |
| 13 | മദർ സുപ്പീരിയർ<br>ക്രിസ്തു കിരൺ ഇംഗ്ലീഷ് മീഡിയം സ്കൂൾ, തൊളിക്കോട്, ആനാട് | 13565.00 |
| 14 | പ്രവീണ.എൻ<br>സുരദീപം, നാഗച്ചേരി, ആനാട് | 10904.00 |
| 15 | ജി.മോഹൻ ദാസ്<br>മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചന്ദ്രമംഗലം, ആനാട് | 49500.00 |
| 16 | പ്രേമചന്ദ്രൻ & ലേഖ<br>ചന്ദ്രലേഖാ നിവാസ്, നാഗച്ചേരി, ആനാട് | 10619.00 |
| 17 | അബ്ദുൾ സലാം<br>സൗത്ത് കേരളാ കാഷ്യു എക്സ്പോർട്ടേഴ്സ്, ആനാട് | 28091.00 |
| 18 | ജി.മോഹൻ ദാസ്<br>ചെയർമാൻ, മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, ആനാട്, നെടുമങ്ങാട് | 605289.00 |
| 19 | വി.കെ.വേണുഗോപാൽ<br>രോഹിണി, ആനാട്, നെടുമങ്ങാട് | 3298.00 |
| 20 | കെ.സുരേഷ് ബാബു<br>കാർത്തിക വഞ്ചുവം, ചുള്ളിമാനൂർ, ആനാട് | 13923.00 |
| 21 | വിജയകുമാരൻ നായർ<br>ശ്രീകൃഷ്ണ, ചന്ദ്രമംഗലം, ആനാട് | 12471.00 |
| 22 | കെ.ഉദയകുമാർ<br>ഭരണി ഹൗസ്, നാഗച്ചേരി, ആനാട് | 12941.00 |
| 23 | കെ.രഘുനാഥൻ<br>ശ്രീകുലം, പഴകുറ്റി- പി.ഒ ആനാട് | 3564.00 |
| 24 | ലിയാമുദ്ദീൻ.എ<br>മേടയിൽ വീട്, മൂഴി, പനവൂർ.പി.ഒ, ആനാട് | 3491.00 |
| | ആകെ | 896936.00 |

സെക്ഷൻ ഓഫീസർ